# Echo 20

EMEA HSS, KONDOTTY

LK/2018/18084

## സന്ദേശം

ലിറ്റിൽ കൈറ്റ്സ് ഇ.എം.ഇ.എ. പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ *Echo 20*ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പി.ടി. ഇസ്മായീൽ
ഹെഡ്മാസ്റ്റർ, ഇ.എം.ഇ.എ.

Echo 20 little KITEs



ഇ.എം.ഇ.എ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## മാഗസിൻ സമിതി

**ചീഫ് എഡിറ്റർ**
പി.ടി. ഇസ്മാഈൽ

**സബ് എഡിറ്റർ**
റിസ്‌വാൻ ഇ.കെ.
റിസ്‌വാന പി.കെ.

**സ്റ്റുഡന്റ് എഡിറ്റർ**
ആദിൽ




പി.ടി. ഇസ്മായീൽ
ഹെഡ്മാസ്റ്റർ, ഇ.എം.ഇ.എ.

# ഈ അക്ഷരത്തണലിൽ...

മലബാറിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കാൻ സാമൂഹിക സ്നേഹികളും നവോത്ഥാന നായകരുമായ മഹാരഥന്മാർ പടുത്തുയർത്തിയ ഏറനാട് മുസ്ലിം എജുക്കേഷണൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇ.എം.ഇ.എ. ഹയർസെക്കണ്ടറി സ്കൂൾ സ്വപ്നസാക്ഷാൽക്കാരത്തിന്റെ പാതയിൽ അനുദിനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. 1983 ൽ തുറക്കൽ പാണ്ടിക്കാട് പ്രവർത്തനമാരംഭിച്ച ഈ സരസ്വതി ക്ഷേത്രം ചെമ്മലപ്പറമ്പിന്റെ വിശാലതയിൽ വിദ്യ തേടി വരുന്നവർക്ക് നിറകുടം കണക്കെ അമൃതം ചുരത്തി കൊണ്ട് വാനോളം ഉയർന്ന് നിൽക്കുന്ന സ്ഥാപിതരുടെ നിഷ്കളങ്കമായ ചിന്തകൾക്ക് സാഫല്യം നേടുകയാണ്.

എസ് എസ് എൽ സി പരീക്ഷയിൽ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടാക്കിയ അത്ഭുതകരമായ റിസൽട്ട് ചുവടുപിടിച്ച് ഈ വർഷം നടന്നു വരുന്ന പദ്ധതികൾ പുതിയ ചരിത്രം കുറിക്കാൻ പോകുന്ന താണ്. ഉയർന്ന ഗ്രേഡോടുകൂടി ഉന്നതവിജയം നേടുന്നതിനുവേണ്ടി നടന്നുവരുന്ന മോർണിംഗ്, ഈവനിംഗ് ക്ലാസുകൾ മിഡ്ടേം പരീക്ഷകൾ, ദത്തെടുക്കൽ, പരീക്ഷാ പേടി അകറ്റാൻ സീരീസ് ടെസ്റ്റുകൾ, പിയർ ഗ്രൂപ്പ്, ടീച്ചിങ് തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കു കയും പഠനനിലവാരം ഉയർത്തുകയും ചെയ്യുന്നു. കുട്ടികളെ കഴിവിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളാക്കി നൽകുന്ന കോച്ചിംഗ് ക്യാമ്പുകളിലൂടെ കൂടുതൽ മത്സരബുദ്ധിയോടെ പഠിക്കാൻ സാഹചര്യം ഒരുക്കുന്നു. കൂടാതെ പ്രാദേശിക പഠനക്ലാസുകൾ ഗ്രൂപ്പ് ഡിസ്കഷൻ തുടങ്ങി വിവിധ പദ്ധതികളും വിദ്യാർത്ഥികളുടെ കൂട്ടിനായുണ്ട്.

കേരളസംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള മൈനോറിറ്റി ഡിപ്പാർട്ട്മെന്റ് സഹായത്തോടെ നടപ്പിലാക്കിയ പാസ്സ്‌വേർഡ് ദ്വിദിന റസിഡൻഷ്യൽ ക്യാമ്പ് കുട്ടികളുടെ വ്യക്തിത്വ വികാസം, കരിയർ ഗൈഡൻസ്, ഗോൾ സെറ്റിങ്ങ്, ലൈഫ് സ്കിൽ, തുടങ്ങിയ മേഖലകളിൽ പുതിയ അനുഭവങ്ങളും അറിവുകളും നൽകുന്ന തായിരുന്നു.

പ്രഗൽഭരായ ട്രെയിനർമാർ നടത്തിയ മോട്ടിവേഷൻ ക്ലാസ്സുകളും ബോധവൽക്ക രണ പരിപാടികളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും സംസ്കാരസമ്പന്നമാ ക്കുന്നതിനും ഏറെ സഹായകമായിട്ടുണ്ട്.

സ്കൂൾ മുഴുവനായിട്ടും ടൈൽ ചെയ്ത എല്ലാ ക്ലാസ് റൂമുകളിലും ഹൈടെക് സംവിധാനം ഒരുക്കിയ ജില്ലയിലെ സ്ഥാപനമാണ് നമ്മുടെ സ്കൂൾ. പഠനം നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടക്കു മ്പോൾ കുട്ടികളിൽ പഠനത്തിന്റെ നവ്യാനുഭൂതി ആണ് ഉണ്ടാകുന്നത് മുഴുവൻ ക്ലാസുകളിലും പ്രൊജക്ടർ ലാപ്ടോപ് സംവിധാനം ഉള്ളതുകൊണ്ട് കേട്ട് പഠിക്കുന്നതിനൊപ്പം കണ്ടു പഠിക്കാനും കുട്ടികൾക്ക് അവസരം ലഭിക്കുന്നു.

ഹൈടെകിനോടൊപ്പം തന്നെ മുഴുവൻ ക്ലാസ് മുറികളിലും ക്ലാസ്സ് ലൈബ്രറി സ്ഥാപിച്ച് വായനയുടെ പുതിയ ലോകം കുട്ടികൾക്ക് മുന്നിൽ തുറന്നിട്ടിരി ക്കുകയാണ്. ക്ലാസ്സ് ലൈബ്രറിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പ്രശസ്ത എഴുത്തുകാരൻ പി സുരേന്ദ്രൻ നടത്തിയ പ്രസംഗം കുട്ടികളിൽ വായനാശീലം വളർത്താൻ ഏറെ സഹായിച്ചു.

പാഠ്യ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ പ്രവർത്തന ങ്ങൾ സ്കൂളിൽ നടന്നുകൊണ്ടി രിക്കുന്നു. ഇന്ത്യയുടെ അഭിമാനവും ഇ.എം.ഇ.എ.യുടെ സന്തതിയും ആയ അനസ് എടത്തൊടികക്ക് പിൻഗാമികൾ ഇനിയും ഇ.എം.ഇ.എ. യിൽ നിന്നും വിരിയാൻ മൊട്ടിട്ടു നിൽക്കുകയാണ് . കൂടാതെ പവർലിഫ്റ്റിങ്, റസ്‌ലിങ്, നീന്തൽ, ജൂഡോ, വോളിബോൾ, അത്‌ലറ്റിക്സ് കബഡി, ക്രിക്കറ്റ് തുടങ്ങിയ നിരവധി കായിക ഇനങ്ങൾക്ക് പരിശീലനവും സൗകര്യങ്ങളും സ്കൂൾ നൽകിക്കൊ ണ്ടിരിക്കുന്നു. കലാരംഗത്ത് അറബനമുട്ട്, ദഫ്മുട്ട്, കോൽക്കളി, തുടങ്ങിയ ഇ.എം.ഇ.എ. യുടെ സ്വന്തം ബ്രാൻഡ് ആയി നിലനിൽക്കുകയാണ്. നാടകക്കളരി, ചിത്രരചനാ ശിൽപശാല കരകൗശലമേള, കവിയരങ്ങ് തുടങ്ങിയവ സംഘടിപ്പിക്കുക വഴി കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നു.

8, 9 ക്ലാസിലെ പഠനപിന്നോക്കം ഉള്ളവരെ കണ്ടെത്തി അവർക്ക് നടത്തിക്കൊണ്ടിരിക്കുന്ന പരിഹാര ബോധനം ക്ലാസുകളായ ശ്രദ്ധ, നവപ്രഭ തുടങ്ങിയ പദ്ധതികൾ മികവോടെ മുന്നേറുന്നുണ്ട്. വിദ്യാർത്ഥികളെ അധ്യാപകരാക്കി നടത്തുന്ന പിയർ ഗ്രൂപ്പ് ക്ലാസുകൾ തുടങ്ങിയവ കുട്ടികളിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായിക്കുന്നു.

സ്കൗട്ട് ആൻഡ് ഗൈഡ്, ജെ.ആർ.സി. വിവിധ ക്ലബ്ബുകൾ, ലിറ്റിൽ കൈറ്റ്, ഐടി ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനഫ ലമായി കുട്ടികളിൽ നേതൃത്വപാഠവവും സംഘാടനമികവും അതിലുപരി സാമൂഹ്യ സേവനസന്നദ്ധതയും ഉടലെടുക്കുന്നു.

രക്ഷിതാക്കൾക്ക് മക്കളെ ശരിയായ മാർഗ്ഗരേഖ നൽകി വളർത്തുന്നതിനു വേണ്ടി ശാസ്ത്രീയ രക്ഷാ കർത്തവ്യം നടപ്പിലാക്കാൻ ഉതകുന്ന രീതിയിലുള്ള ബോധവൽക്കരണ ക്ലാസുകൾ, സ്കൂളിലെ ഹൈടെക് സംവിധാനം രക്ഷിതാക്കൾക്ക് മനസ്സിലാക്കാൻ വേണ്ടി നടത്തിയ ഹൈടെക് ക്ലാസ്, പിടിഎ, അധ്യാപകരും, വിദ്യാർത്ഥിയും, രക്ഷിതാവും ചേർന്ന് മുഖാമുഖം മീറ്റ്, കോർണർ പിടിഎ, രക്ഷിതാക്കളോ ടൊപ്പംപദ്ധതി തുടങ്ങിയ പരിപാടിക ളിലൂടെ രക്ഷിതാവും സ്കൂളും തമ്മിലുള്ള ബന്ധം ഊഷ്മള മാക്കാൻ സാധിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ സാമൂഹിക ചുറ്റുപാടും പഠനാന്തരീക്ഷവും നേരിൽകണ്ട് മനസ്സിലാക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും ആയി ഡോർ ടു ഡോർ ഗൃഹസന്ദർശനപദ്ധതിയിലൂടെ സാധിക്കുന്നു. സ്കൂളിൽ നടന്നുവരുന്ന സ്നേഹസ്പർശം സഹപാഠിക്കൊരു സഹായം പദ്ധതിയിലൂടെ നിരവധി നിർധനരായ വിദ്യാർത്ഥികൾക്ക് ഭൗതികസാഹചര്യം ഒരുക്കുവാനും ചികിത്സാസഹായം നൽകുവാനും സാധിച്ചിട്ടുണ്ട്.

പുതിയ തലമുറയെ നശിപ്പിച്ചുകൊ ണ്ടിരിക്കുന്ന ലഹരിക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്കൂൾ സമൂഹത്തിന്റെ കണ്ണാടി എന്ന നിലയ്ക്ക് സാമൂഹ്യ മാറ്റത്തിലൂടെ സ്കൂളിലും മാറ്റമുണ്ടാകുമെന്ന് ബോധത്തോടെ സ്കൂളിലെ കുട്ടികൾക്ക് പുറമേ നാട്ടിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. നിലവിൽ നീറാട്, ആലക്കാപറമ്പ്, ചെമ്മലപറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ലഹരിക്കെതിരെ പരിപാടികൾ ജനപങ്കാളിത്തത്തോടെ നടന്നുകഴിഞ്ഞു.സർവ്വോപരി വിദ്യാ ഭ്യാസ ത്തോടൊപ്പം നല്ല സംസ്കാര സമ്പന്നരാക്കാനും, കുടുംബത്തിനും രാജ്യത്തിനും ഉപകാരപ്രദമാകുന്ന യുവതലമുറയെ വാർത്തെടുക്കാനുള്ള കഠിനമായ പരിശ്രമം ആണ് ഓരോ പദ്ധതിയുടെയും സുപ്രധാനലക്ഷ്യം.

എല്ലാത്തിനെയും ആഘോഷമാക്കി ലക്ഷ്യബോധമില്ലാതെ വളരുന്ന തല മുറയെ നേർവഴി കാണിക്കേണ്ട ബാധ്യത സ്കൂളിനുണ്ട് എന്ന ഉത്തമ ബോധ്യ മാണ് ഇത്തരം പദ്ധതികൾക്ക് പിന്നിലും മുന്നിലുമുള്ള അജണ്ട. വ്യക്തിയിലധി ഷ്ഠിത അച്ചടക്കത്തോടെ ഒപ്പം സാമൂഹിക അച്ചടക്കവും വളർത്തിയെടു ക്കേണ്ട തുണ്ട്. അതിനുള്ള തീവ്ര പരിശ്രമങ്ങ ളാണ് സ്കൂളിൽ നടന്നു കൊണ്ടിരിക്കുന്നത്.

എല്ലാത്തിനും കഠിനപ്രയത്നം നടത്തുന്ന അധ്യാപകരും സർവ്വ പിന്തുണ നൽകുന്ന പിടിഎയും മാനേജ്മെന്റും, നാട്ടുകാരും എല്ലാം ഒന്നിച്ച് ഒരുമിച്ച് കൈകോർത്തു പ്രവർത്തിക്കുന്നു. തുടർന്നും ഈ സൗഹാർദ്ദാന്തരീക്ഷം നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്,...

# ആരോഗ്യസംരക്ഷണം
# പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗം

**പി സഫറുള്ള**
**ജില്ലാ തല ആരോഗ്യാവബോധവൽക്കരണം**
**ഇഎംഇഎ സ്കൂളിൽ**

നാം ഓരോരുത്തരം തങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമാണെന്നു മലപ്പുറം വിദ്യാഭ്യാസ ഡയറക്ടർ പി സഫറുള്ള പറഞ്ഞു . കൊണ്ടോട്ടി ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ ഹെൽത്ത് ക്ലബുമായി സഹകരിച്ച് മലപ്പുറം ജില്ലാ ആരോഗ്യവകുപ്പ് സംഘടിപ്പിച്ച ആരോഗ്യബോധവൽക്കരണത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം . ഇ എം ഇ എ സ്കൂൾ പ്രസിദ്ധീകരിച്ച ' കാലവർഷം വന്നു ജാഗ്രത പാലിക്കുക' എന്ന നോട്ടീസിന്റെ വിതരണവും അദ്ദേഹം നിർവ്വഹിച്ചു . ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ അധ്യക്ഷത വഹിച്ചു . പ്രസ്തുത പരിപാടിയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു സ്കൂൾ പരിസ്ഥിതി ക്ലബ്ബ് സംഘടിപ്പിച്ച 'ഒരു ക്ലാസ് ഒരു മരം 'എന്ന പരിപാടിയുടെ ഉൽഘാടനം വൃക്ഷത്തൈ വിതരണം ചെയ്തുകൊണ്ട് വിദ്യാഭ്യാസ ഡയറക്റ്റർ നിർവ്വഹിച്ചു ,ആരോഗ്യബോധവൽക്കരണ ക്ലാസ്സ് ഡോ നവീൻ നിർവ്വഹിച്ചു. ജെ എച് ഐ ഷാജു, ഡോ. പി മുഹമ്മദ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥി പ്രതിനിധി അനന്തു ആരോഗ്യസംരക്ഷണ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു .



# ലഹരി വിമുക്ത ക്യാമ്പയിൻ

കൊണ്ടോട്ടി: ജനമൈത്രി പോലീസ് കൊണ്ടോട്ടി യൂണിറ്റും കൊണ്ടൊട്ടി വ്യാപര വ്യവസായി ഏകൊപനസമിതിയും. സയുക്തമായി സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ കൊണ്ടോട്ടി മേഖല തല ഉൽഘാടനം ഇ എം ഇ. എ. ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടർ മുഹമ്മദ് ഹനീഫ നിർവഹിച്ചു. ഇ എം ഇ എ ഹയർ സെക്കണ്ടറി സ്കൂൾ വിമുക്തി ക്ലബ്ബ് ആഥിത്യം നൽകിയ പരിപാടിയിൽ പ്രിൻസിപ്പൾ പി അബ്ദുറസാക്ക് അധ്യക്ഷത വഹിച്ചു. ലഹരിവിമുക്ത സന്ദേശമുൾപ്പെടുത്തിയ നെയിംസ്ലിപ്പുകൾ വിതരണം ചെയ്തു. സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അലക്കാപ്പറമ്പ്, നീറാട് തുടങ്ങിയ സ്ഥലങ്ങളിൽ ലഹരി വിരുദ്ധബൊധവൽക്കരണ പൊതുയോഗങ്ങൾ നടത്തി ഇതിനകം സ്കൂൾ നേരത്തെ ശ്രദ്ധ നേടിയിരുന്നു. സുലൈമാൻ, ഹെഡ് മാസ്റ്റർ ഇസ്മായിൽ, വ്യാപാരി വ്യവസായി സെക്രട്ടറി ബെസ്റ്റ മുസ്തഫ ,സ അലി, സൈനുദ്ധീൻ സ്റ്റാഫ് സെക്രട്ടറി പി കെ എം ശഹീദ് എന്നിവർ സംസാരിച്ചു.



## ലഹരി വിമുക്ത കാംപയിന് തുടക്കം

## ചാലിയാർ താഴ്ന്ന പ്ര

# ലഹരിവിരുദ്ധ ബോധവത്കരണം

**കൊണ്ടോട്ടി ▸** ഇ.എം.ഇ.എ. ഹയർസെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ്ബിനു കീഴിൽ നീറാട് ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി നടത്തി. ഇൻസ്പെക്ടർ എം. മുഹമ്മദ് ഹനീഫ ഉദ്ഘാടനം ചെയ്തു. പി. മൂസ അധ്യക്ഷനായി. ഗണേഷ് ക്ലാസെടുത്തു.

പ്രിൻസിപ്പൽ പഴേരി റസാഖ്, പി.ടി. ശിന്നകുട്ടൻ, ടി.കെ. അസീസ്, മേച്ചീരി ബഷീർ, വി. ഹക്കീം മുണ്ടപ്പലം, നജീബ് മുണ്ടപ്പലം, എൻ. മൻസൂർ, എം.പി. നിസാമുദ്ധീൻ, സുബൈർ തുടങ്ങിയവർ പ്രസംഗിച്ചു.



▶ വിമുക്തി ക്ലബ്ബ് നീറാട് നടത്തിയ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടിയിൽ എക്സൈസ് ഉദ്യോഗസ്ഥൻ ഗണേഷ് പ്രസംഗിക്കുന്നു

# വായന മരിക്കില്ല

വായനാദിനത്തോടനുബന്ധിച്ച് ' വായനമരിക്കില്ല' എന്ന സന്ദേശവുമായി കൊണ്ടോട്ടി ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാരംഗം വായനക്ലബ്ബ് ഉൽഘാടനം കവി മുസ്തഫ മുണ്ടപ്പലം നിർവ്വഹിച്ചു . എന്റെ വിദ്യാലയം ,സ്വാതന്ത്ര്യം ,കൂടെയുണ്ട് എന്നീ കവിതകൾ ആലപിച്ചാണ് ഉദ്ഘാടനം നിർവ്വഹിച്ചത് . ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ അധ്യക്ഷത വഹിച്ചു .


ഇഎംഇഎ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാരംഗം ഉദ്ഘാടനം കവി മുസ്തഫ മുണ്ടപ്പലം ഉദ്ഘാടനം ചെയ്യുന്നു.

## ഇ.എം.ഇ.എ സ്കൂൾ വിദ്യാരംഗം ഉദ്ഘാടനം

കൊണ്ടോട്ടി: ഇഎംഇഎ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാരംഗം വായന ക്ലബ്ബ് കവി മുസ്തഫ മുണ്ടപ്പലം ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ പി.ടി.ഇസ്മായിൽ അധ്യക്ഷത വഹിച്ചു. ഈ വർഷം വായന ദിനത്തിന്റെ ഭാഗമായി ക്വിസ് മത്സരം ,ക്ലാസ് റൂം ലൈബ്രറി ശാക്തീകരണം ,വായന കുറിപ്പ് മത്സരം,ആസ്വാദന മത്സരം, പത്രവായന അടിസ്ഥാനത്തിൽ ജൂൺ 26നു പ്രശ്നോത്തരി തുടങ്ങി നിരവധി പരിപാടികൾ നടക്കും.പ്രിൻസിപ്പൽ പഴേരി അബ്ദുൽ റസാക്ക് ,സ്റ്റാഫ് സെക്രട്ടറി പി.കെ.എം ശഹീദ്, ബഷീർ തൊട്ടിയൻ,എൻ.ബാല കൃഷ്ണൻ,കെ.വി അഷ്റഫ് ,നിഷാദേവി,അനസ് വലിയപറമ്പ് ,കെ.രോഹിണി,കെ.ജമാൽ, നന്ദന സുരേഷ് പ്രസംഗിച്ചു.

ഈ വർഷം വായനദിനത്തിന്റെ ഭാഗമായി ക്വിസ് മത്സരം ,ക്ലാസ് റൂം ലൈബ്രറി ശാക്തീകരണം ,വായനകുറിപ്പ് മത്സരം, ആസ്വാദനമത്സരം , പത്രവായനഅടിസ്ഥാനത്തിൽ ജൂൺ 26 നു പ്രശ്നോത്തരി തുടങ്ങി നിരവധി പരിപാടികൾ നടത്താൻ തീരുമാനിച്ചു , പ്രിൻസിപ്പൽ പഴേരി അബ്ദുൽ റസാക്ക് ,സ്റ്റാഫ് സെക്രട്ടറി പികെഎം ശഹീദ് , ബഷീർ തൊട്ടിയൻ, എൻ ബാലകൃഷ്ണൻ ,കെ വി അഷ്റഫ് ,നിഷാദേവി , അനസ് വലിയപറമ്പ , കെ രോഹിണി എന്നിവർ സംസാരിച്ചു , വിദ്യാരംഗം കൺവീനർ കെ , ജമാൽ സ്വാഗതവും നന്ദനസുരേഷ് നന്ദിയും പറഞ്ഞു.

# സ്വപ്രയത്നമാണ് വിജയരഹസ്യം

**സിവിൽ സർവ്വീസ് പരിശീലനത്തിന് തുടക്കമായി**
**ഷാഹിദ് തിരുവള്ളൂർ**




ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ഷാഹിദ് തിരുവള്ളൂർ ഉദ്ഘാടനം ചെയ്യുന്നു

## ഇ.എം.ഇ.എ സ്കൂളിൽ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് അക്കാദമി ആരംഭിച്ചു

കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ബിഐഎഎസ് അക്കാദമി സിവിൽ സർവീസ് റാങ്ക് ജേതാവ് ഷാഹിദ് തിരുവള്ളൂർ ഉദ്ഘാടനം ചെയ്തു. ജീവിതത്തിൽ വിജയം കൈവരിക്കാൻ ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്വപ്രയത്നമാണെന്നും ഷാഹിദ് പറഞ്ഞു. പിടിഎ വൈസ് പ്രസിഡന്റ് ബഷീർ മേച്ചീരി അധ്യക്ഷത വഹിച്ചു. ഷാഹിദ് തിരുവള്ളൂരിനുള്ള ഇ.എം.ഇ.എ കുടുംബത്തിന്റെ സ്നേഹ ഉപഹാരം പ്രിൻസിപ്പൽ പഴേരി അബ്ദുൽ റസാഖ് നൽകി. വിദ്യാർഥികൾ തയാറാക്കിയ 'വിജ്ഞാനച്ചെപ്പ്' കയ്യെഴുത്ത് പ്രസിദ്ധീകരണത്തിന്റെ പ്രകാശനം എ.ഇ.ഒ ആഷിസ് നിർവഹിച്ചു. പൂർവവിദ്യാർഥി സംഘടന പ്രസിഡന്റ് അഷറഫ് മടാൻ, പ്രധാനാധ്യാപകൻ പി.ടി ഇസ്മായിൽ, കോഓർഡിനേറ്റർ എൻ.മൻസൂർ, സികെ സുഹറാബി, സ്റ്റാഫ് സെക്രട്ടറിമാരായ ശാം, പികെ എം ശഹീദ്, കെ.ബേബി ബറത്ത്, എഞ്ചിനീയർ നജീബ്, റിതു നന്ദ പ്രസംഗിച്ചു.






ജീവിതത്തിൽ വിജയം കൈവരിക്കാൻ ഏറ്റവും പ്രധാനപ്പെട്ടകാര്യം സ്വപ്രയത്നമാണെന്നും നമ്മുടെ ചുറ്റുമുള്ള ബാക്കി കാര്യങ്ങളെല്ലാം വെറും പത്ത് ശതമാനം മാത്രമേ വരുന്നുള്ളൂവെന്നും സിവിൽ സർവ്വീസ് റാങ്ക് ജേതാവ് ഷാഹിദ് തിരുവള്ളൂർ പറഞ്ഞു . ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിക്കുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് യ കഅട അക്കാദമി ഉത്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം .പിടിഎ വൈസ് പ്രസിഡന്റ് ബഷീർ മേച്ചീരി അധ്യക്ഷത വഹിച്ചു . അനുകരണീയവും അഭിമാനകരമായി സിവിൽ സർവ്വീസിൽ വെന്നിക്കൊടി നാട്ടിയ ഷാഹിദ് തിരുവള്ളൂരിനുള്ള ഇ എം ഇ എ കുടുംബത്തിൻറെ സ്നേഹ ഉപഹാരം പ്രിൻസിപ്പൽ പഴേരി അബ്ദുൽ റസാഖ് നൽകി . വിദ്യാർത്ഥികൾ തയ്യാറാക്കിയ 'വിജ്ഞാനചെപ്പ് ' കയ്യെഴുത്ത് പ്രസിദ്ധീകരണത്തിന്റെ പ്രകാശനം കൊണ്ടോട്ടി എ ഇ ഒ ആഷിസ് നിർവ്വഹിച്ചു . പൂർവ്വവിദ്യാർത്ഥി സംഘടനപ്രസിഡന്റ് അഷറഫ് മടാൻ, സികെ സുഹറാബി ,സ്റ്റാഫ്സെക്രട്ടറിമാരായ ശാം ,പികെ എം ശഹീദ് , കെ ബേബി ബറത്ത്, എഞ്ചിനീയർ നജീബ് ,റിതു നന്ദ എന്നിവർ സംസാരിച്ചു . രക്ഷിതാക്കളും വിദ്യാർത്ഥികളും അതിഥിയോട് സംവദിച്ചു . ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ സ്വാഗതവും കോർഡിനേറ്റർ എൻ മൻസൂർ നന്ദിയും പറഞ്ഞു

# കരകൗശല പ്രതിഭകളെ കണ്ടെത്താൻ ഇ.എം.ഇ.എയിൽ പ്രവൃത്തി പരിചയ ശിൽപശാല

കൊണ്ടോട്ടി:ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂളിൽ കരകൗശല മേഖലയിലെ പ്രതിഭകളെ കണ്ടെത്തുന്നതിനായി സംഘടിപ്പിച്ച പ്രവൃത്തി പരിചയമേള ഏകദിന ശിൽപശാല ജില്ലാ പഞ്ചായത്ത് മെമ്പർ സറീന ഹസീബ് ഉദ്ഘാടനം ചെയ്തു.

ഹെഡ്മാസ്റ്റർ പി.ടി ഇസ്മായിൽ അധ്യക്ഷത വഹിച്ചു. പ്രവൃത്തിപരിചയ വിഭാഗം അധ്യാപിക എ.കെ മൈമൂന, സ്റ്റാഫ് സെക്രട്ടറി പി.കെ.എം ശഹീദ്, ബഷീർ തൊട്ടിയൻ, സികെ സുഹറാബി,സി.ഷുഹൈബ, ഇ ജാഫർ സാദിഖ്, തസ്നി ഹനീഫ, പി.എ ഷമീർ, ഇ.ടി സഫീർ, റാഷിദ് പെരുവള്ളൂർ, ജമില ടീച്ചർ, ബഷീർ കൊടിയത്തൂർ, ഫിദ ഷെറിൻ പ്രസംഗിച്ചു. മനോജരി കോഴിക്കോട്(വാഴനാര് കൊണ്ടുള്ള ഉൽപന്നം), മുഹമ്മദ് കുട്ടി കോഴിക്കോട് (പാവ നിർമാണം), അജിഷ് പൂക്കുളത്തൂർ (ചിരട്ട കൊണ്ടുള്ള ഉൽപന്നം), അഖിൽ കിഴിശ്ശേരി (റക്സിൻ വർക്സ്), റിജു തൃപ്പനച്ചി (കുട നിർമാണം), വിജയൻ ഐക്കരപ്പടി (മുള കൊണ്ടുള്ള ഉൽപന്നം), സലീം കുളത്തൂർ (അലുമിനിയം ഷീറ്റ് കൊണ്ടുള്ള ഉപകരണ നിർമാണം), ബഷീർ കൊടിയത്തൂർ (നൂൽ കൊണ്ടുള്ള പ്രവർത്തനം) എന്നിങ്ങനെ വിദഗ്ധരായ എട്ട് പരിശീലകർ നേതൃത്വം നൽകിയ പരിശീലന കളരിയിൽ നൂറിലധി കം വിദ്യാർഥികൾ പങ്കെടുത്തു.



ഇ.എം.ഇ.എ ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച പ്രവൃത്തി പരിചയ ശിൽപശാല ജില്ലാപഞ്ചായത്ത് മെമ്പർ സറീന ഹസിബ് ഉദ്ഘാടനം ചെയ്യുന്നു



ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂളിൽ കരകൗശല മേഖലയിലെ പ്രതിഭകളെ കണ്ടെത്തുന്നതിനായി സംഘടിപ്പിച്ച പ്രവർത്തി പരിചയ മേള ഏകദിനശില്പശാല ജില്ലാ പഞ്ചായത്ത് മെമ്പർ സറീനഹസീബ് ഉദ്ഘാടനം ചെയ്തു . ഔപചാരിക വിദ്യാഭ്യാസത്തെപ്പോലെത്തന്നെ കൈത്തതൊഴിൽ പഠിക്കലിനും പ്രധാന്യം നൽകണമെന്നും നമുക്ക് ചുറ്റും അതിനായുള്ള നിരവധി അവസങ്ങൾ ഉണ്ടെന്നും അത്തരം അവസരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്ന ഇത്തരം ശിൽപശാലകൾ തികച്ചും മാതൃക പരമാണെന്നും  സറീനഹസീബ് പറഞ്ഞു . ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ പ്രവർത്തി പരിചയ വിഭാഗം അദ്യാപിക എകെ മൈമൂന, സ്റ്റാഫ് സെക്രട്ടറി പികെ എം ശഹീദ് ,ബഷീർ തൊട്ടിയൻ, ജമീലടീച്ചർ , ബഷീർ കൊടിയത്തൂർ, ഫിദ ഷെറിൻ എന്നിവർ സംസാരിച്ചു  . മനോജരി കോഴിക്കോട് ( വാഴനാര് കൊണ്ടുള്ള ഉൽപന്നം ), മുഹമ്മദ് കുട്ടി കോഴിക്കോട് (പാവ നിർമ്മാണം ), അജീഷ് പൂക്കുളത്തൂർ (ചിരട്ടകൊണ്ടുള്ള ഉൽപന്നം ), അഖിൽ കിഴിശ്ശേരി (റക്സിൻ വർക്സ് ), റിജു തൃപ്പനച്ചി (കുട നിർമ്മാണം ), വിജയൻ ഐക്കരപ്പടി (മുള കൊണ്ടുള്ള ഉൽപന്നം ) , സലിം കുളത്തൂർ ( അലുമിനിയം ഷീറ്റ് കൊണ്ടുള്ള ഉപകാരണനിർമ്മാണം ), ബഷീർ കൊടിയത്തൂർ (നൂൽ കൊണ്ടുള്ള പ്രവർത്തനം ) എന്നിങ്ങനെവിദഗ്ദ്ധരായ എട്ട് പരിശീലകർ നേതൃത്വം നൽകിയ പരിശീലനകളരിയിൽ നൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു . സികെ സുഹറാബി, സി ഷുഹൈബ ,  ഇ  ജാഫർ സാദിഖ് ,തസ്നി ഹനീഫ, പി എ ഷമീർ ,ഇടി സഫീർ , റാഷിദ് പെരുവള്ളൂർ തുടങ്ങിയവർ പരിശീലനക്കളരിക്ക് നേതൃത്വം നൽകി .

# Memories...

## arts day





















# പുതുതലമുറ സാഹിത്യമേഖലക്ക്.....
# പ്രതീക്ഷ നൽകുന്നു

**പി സുരേന്ദ്രൻ**

പുതുതലമുറ സാഹിത്യമേഖലക്ക് പുത്തൻപ്രതീക്ഷകൾ നൽകുന്നുണ്ടെങ്കിലും സമകാലിക മുൻനിര സാഹിത്യപ്രവർത്തകർ വരെ മലയാളഭാഷയുടെ പ്രയോഗം ശരിയാവണ്ണം നിർവഹിക്കുന്നതിൽ പരാചയപ്പെടുന്നുണ്ടെന്നും സാഹിത്യകാരൻ പി സുരേന്ദ്രൻ പറഞ്ഞു . കൊണ്ടോട്ടി ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ ക്ലാസ് ലൈബ്രറികളുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു . അദ്ദേഹം .പ്രിൻസിപ്പൾ പഴേരി റസാഖ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വിദ്യാർത്ഥികൾ തങ്ങളുടെ എട്ടാം ക്ലാസ്സിലെ പാഠഭാഗമായ 'അമ്മമ്മ' എഴുതിയ സുരേന്ദ്രനുമായി അഭിമുഖഭാഷണം നടത്തിയത് കുട്ടികൾക്ക് പുത്തൻ അനുഭവമായി . ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ , സികെ സുഹറാബി ,പികെ എം ശഹീദ്, ബിസി ബാലകൃഷ്ണൻ, കെ ജമാൽ , നിഷാദേവി , കെവി അഷ്റഫ് എന്നിവർ സംസാരിച്ചു . എട്ടാം തരം ഇ ക്ലാസ് വിദ്യാർത്ഥിനി മാളവികക്ക് പുസ്തകങ്ങളുടെ കോപ്പി നൽകി ക്ലാസ് ലൈബ്രറിയുടെ ഉൽഘാടനം നിർവ്വഹിച്ചു .




**ഇ.എം.ഇ.എ സ്കൂളിൽ ക്ലാസ് ലൈബ്രറി ഉദ്ഘാടനം**


കൊണ്ടോട്ടി :പുതുതലമുറ സാഹിത്യമേഖലക്ക് പുത്തൻ പ്രതീക്ഷകൾ നൽകുന്നുണ്ടെങ്കിലും സമകാലിക മുൻനിര സാഹിത്യ പ്രവർത്തകരിൽ പലരും വരെ മലയാള ഭാഷയുടെ പ്രയോഗം ശരിയാവണ്ണം നിർവഹിക്കുന്നതിൽ പരാജയപ്പെടുന്നുണ്ടെന്നും സാഹിത്യകാരൻ പി. സുരേന്ദ്രൻ പറഞ്ഞു. കൊണ്ടോട്ടി [illegible]

ഹയർസെക്കണ്ടറി സ്കൂൾ ക്ലാസ് ലൈബ്രറികളുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു. അദ്ദേഹം പ്രിൻസിപ്പൾ പഴേരി റസാഖ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വിദ്യാർഥികൾ തങ്ങളുടെ എട്ടാം ക്ലാസിലെ പാഠഭാഗമായ [illegible]

യത് കുട്ടികൾക്ക് പുത്തൻ അ[illegible] വമായി ഹെഡ്മാസ്റ്റർ പി.ടി ഇ[illegible] മായിൽ ,സി. കെ.സുഹറാ[illegible] പി.കെ.എം ശഹീദ്, ബി.സി.ബ[illegible] കൃഷ്ണൻ, കെ ജമാൽ, നിഷ[illegible] വി, കെ.വി അഷ്റഫ് പ്രസംഗി[illegible] . എട്ടാം തരം ഇ ക്ലാസ് വിദ്യാർ[illegible] നി മാളവികക്ക് [illegible]

# ഗാന്ധി ജയന്തി ദിനത്തിൽ ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ ശ്രമദാനം നടത്തി

Echo 20 Little KITEs






## ഗാന്ധി ജയന്തി ദിനാഘോഷം

## EMEAHS സ്കൂൾ ശ്രമദാനം നടത്തി

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കൊണ്ടോട്ടി ഇ.എം.ഇ.എ. ഹയർസെക്കണ്ടറി സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ ആർ സി വളണ്ടിയർമാർ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ , ബഡ്സ് സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ നടത്തിയ ശുചീകരണ പരിപാടികളുടെ ഉദ്ഘാടനം കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടർ എം മുഹമ്മദ് ഹനീഫ നിർവ്വഹിക്കുന്നു

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കൊണ്ടോട്ടി ഇ എം ഇ ഇ ഹയർസെക്കണ്ടറി സ്കൗട്സ് ആൻഡ് ഗൈഡ്സ് , ജെ ആർ സി വളണ്ടിയർമാർ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ , ബഡ്സ് സ്പെഷ്വൽ സ്കൂൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തങ്ങൾ നടത്തി . കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ ശുചീകരണ പരിപാടിയുടെ ഉൽഘാടനം കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടർ എം മുഹമ്മദ് ഹനീഫ നിർവ്വഹിച്ചു . ലോകസമൂഹത്തിന് ഇന്ത്യയുടെ ഏറ്റവും മഹത്തായ സംഭാവനഗാന്ധി ദർശനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു . സബ് ഇൻസ്പെക്ടർ പി ജാബിർ , പി ആർ ഒ കൃഷ്ണനുണ്ണി , ഹെഡ്മാസ്ടർ പിടി ഇസ്മായിൽ , സ്കൗട് മാസ്ടർ എം വി ശിഹാബ് , ഗൈഡ് ക്യാപ്റ്റന്മാരായ എകെ മൈമൂനത്ത് ,വി എൻ അനുരാധ , സി ഷുഹൈബ , പികെ ശഹീദ് ,ബഷീർ തൊട്ടിയൻ ,കെവി അഷ്റഫ് ,ഇകെ റിസ്‌വാൻ , ജെ ആർ സി പിഎ മുഹമ്മദ് ഷമീർ , കെ ബേബി ബറത്ത് എന്നിവർ സംസാരിച്ചു . സ്കൂൾ അങ്കണത്തിൽ കാലത്ത് സർവ്വമത പ്രാർത്ഥനസംഘടിപ്പിച്ച ശേഷമാണ് ശുചീകരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് . ലീഡർമാരായ ശിവപ്രിയ ,ഹിശാം ,അമൃദേശ് ,ഫാത്തിമ ഷിഫ്നഎന്നിവർ ശ്രമദാനത്തിനു നേതൃത്വം നൽകി .

# ബഡ്സ് സ്പെഷ്യൽ സ്കൂൾ കുരുന്നുകളെ

# ദത്തെടുത്ത്

## ഇ എം ഇ എ സ്കൂൾ മാതൃകയായി



ബഡ്സ് സ്പെഷൽ സ്കൂൾ കുരുന്നുകളെ ദത്തെടുത്ത് ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂൾ ജെ. ആർ.സി

കൊണ്ടോട്ടി:ഭിന്നശേഷിക്കാരായ വിദ്യാർഥികൾ പഠിക്കുന്ന ബഡ്സ് സ്പെഷൽ സ്കൂളിലെ കുരുന്നുകളെ ഗാന്ധിജയന്തി ദിനത്തിൽ കൊണ്ടോട്ടി ഇ.എം.ഇ.എ. എച്ച്.എസ്.എസിലെ ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി) ദത്തെടുത്തു.

സ്കൂൾ ദത്തെടുക്കൽ പദ്ധതിയുടെ ഉദ്ഘാടനം കൊണ്ടോട്ടി മുനിസിപ്പൽ ചെയർ പേഴ്സൺ കെ.സി ഷീബ നിർവഹിച്ചു.മുനിസിപ്പൽ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ യു.കെ മമ്മദിശ അധ്യക്ഷത വഹിച്ചു.ജെ.ആർ.സി കൺവീനർ പി.എ ഷമീർ പദ്ധതി വിശദീകരണം നടത്തി. ഹെഡ് മാസ്റ്റർ പി.ടി ഇസ്മായിൽ പദ്ധതി പ്രഖ്യാപനം നടത്തി.സി.കെ നാടിക്കുട്ടി ക്യാംപസ് ഗാർഡനിങ് ഉദ്ഘാടനം ചെയ്തു.

ബഡ്സ് സ്കൂളിലെ ഭിന്ന ശേഷിക്കാരായ വിദ്യാർഥികൾക്ക് വേണ്ട പരിചരണങ്ങളിലും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലും അവരുടെ മാനസികോല്ലാസത്തിനും വേണ്ട പ്രവർത്തനങ്ങളിൽ ഇനി ജെ.ആർ.സി വിദ്യാർഥികളും ഉണ്ടാവും.

ചടങ്ങിൽ മുൻസിപ്പൽ കൗൺസിലർമാരായ ചുക്കാൻ ബിച്ചു, മറിയുമ്മ, റസിയ, സ്കൂൾ സ്റ്റാഫ് സെക്രട്ടറി പികെ ശഹീദ്, ബേബി ബർറത്ത് ബഡ്സ് സ്കൂൾ ഹെഡ്മിസ്ട്രസ് ഖൗലത്ത്. ടീച്ചർ, ജെ.ആർ.സി ലീഡർ നന്ദന സുരേഷ് പ്രസംഗിച്ചു.

ഇ.എം.ഇ.എ സ്കൂൾ ജെ.ആർ.സിയുടെ സ്കൂൾ ദത്തെടുക്കൽ പദ്ധതി കൊണ്ടോട്ടി മുനിസിപ്പൽ ചെയർ പേഴ്സൺ കെ.സി ഷീബ ഉദ്ഘാടനം ചെയ്യുന്നു.

പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന ബഡ്സ് സ്പെഷ്യൽ സ്കൂളിലെ കുരുന്നുകളെ ഗാന്ധിജയന്തി ദിനത്തിൽ കൊണ്ടോട്ടി ഇ എം ഇ എ എച്ച് എസ് എസിലെ ജൂനിയർ റെഡ് ക്രോസ് (ജെ ആർ സി) ദത്തെടുത്തു . സ്കൂൾ ദത്തെടുക്കൽ പദ്ധതിയുടെ ഉത്ഘാടനം കൊണ്ടോട്ടി മുൻസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി കെ സി ഷീബ നിർവഹിച്ചു. മുൻസിപ്പൽ വികസനസ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ യു. കെ മമ്മദിശ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജെ ആർ സി കൺവീനർ പി എ ഷമീർ പദ്ധതി വിശദീകരണം നടത്തി. ഹെഡ് മാസ്റ്റർ പി ടി ഇസ്മായിൽ പദ്ധതി പ്രഖ്യാപനം നടത്തുകയും മുൻ മുൻസിപ്പൽ ചെയർമാൻ ശ്രീ നാടിക്കുട്ടി ക്യാംപസ് ഗാർഡെനിംഗ് ഉത്ഘാടനം നടത്തുകയും ചെയ്തു.

ബഡ്സ് സ്കൂളിലെ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ട പരിചരണങ്ങളിലും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലും അവരുടെ മാനസികോല്ലാസത്തിനും വേണ്ട പ്രവർത്തനങ്ങളിൽ ഇനി ജെ ആർ സി വിദ്യാർത്ഥികളും ഉണ്ടാവും . ചടങ്ങിൽ മുൻസിപ്പൽ കൗൺസിലർമാരായ ശ്രീ ചുക്കാൻ ബിച്ചു, മറിയുമ്മ, റസിയ, സ്കൂൾ സ്റ്റാഫ് സെക്രട്ടറി പികെ ശഹീദ്,ബേബി ബർറത്ത് എന്നിവർ സംസാരിച്ചു. ബഡ്സ് സ്കൂൾ ഹെഡ് മിസ്ട്രസ് ശ്രീമതി ഖൗലത്ത് ടീച്ചർ സ്വാഗതവും ജെ ആർ സി ലീഡർ നന്ദനസുരേഷ് നന്ദിയും പറഞ്ഞു



# രക്ഷിതാക്കൾ ജാഗ്രത പാലിക്കണം
# കൊണ്ടോട്ടി എ ഇ ഒ




കൊണ്ടോട്ടി :സമകാലിക സമൂഹത്തിലെ വിദ്യാർത്ഥികളെ രക്ഷിതാക്കളും അധ്യാപകരും സമൂഹവും സൂക്ഷമതയോടെ കൈകാര്യം ചെയ്യണമെന്ന് കൊണ്ടോട്ടി എ ഇ ഒ ദിവാകരൻ പറഞ്ഞു .കൊണ്ടോട്ടി ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ വിജയഭേരിയുടെ ആഭിമുഖ്യത്തിൽ പതിനഞ്ച് കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന 'രക്ഷിതാക്കളോടൊപ്പം ' പരിപാടി വലിയപറമ്പിൽ ഉൽഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം .വരാനിരിക്കുന്ന അർദ്ധ വാർഷിക പരീക്ഷക്ക് വിദ്യാർത്ഥികളെ എങ്ങിനെതെയ്യാറാക്കാം എന്ന മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി അധ്യാപരുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ഒത്തുകൂടലാണ് ' രക്ഷിതാക്കളോടൊപ്പം' . പിടിഎ പ്രസിഡന്റ് ബഷീർ മേച്ചീരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ മാസ്റ്റർ , വിജയഭേരി കോർഡിനേറ്റർ ബഷീർ തൊട്ടിയൻ ,സ്റ്റാഫ് സെക്രട്ടറി പികെ ശഹീദ് ,എം അബ്ദുൽ ഖാദർ , കെവി അഷ് റഫ് ,എം അനസ് , ഇകെ റിസ്‌വാൻ , കെ കെ അഷ് റഫ് മാസ്റ്റർ ,കെപി നാസർ ,മുജീബ് വലിയപറമ്പ തുടങ്ങിയവർ സംസാരിച്ച

# ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ ഒന്നാമത്

ഈ വർഷം കൊണ്ടോട്ടി ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും എസ് എസ് എൽ സി പരീക്ഷക്കിരുന്ന 499 വിദ്യാർത്ഥികളിൽ; മുഴുവൻ കുട്ടികളും വിജയിച്ച് മലപ്പുറം ജില്ലായിൽ ഏറ്റവും കൂടുതൽ കുട്ടികൾ നൂറു ശതമാനത്തോടെ വിജയിച്ച സ്കൂളിൽ ഒന്നാമതായി . 43 വിദ്യാർത്ഥികൾക്ക് മുഴുവൻവിഷയങ്ങളിലും എ +സ് നേടുകയും ചെയ്തിട്ടുണ്ട് . ചിട്ടയോടു കൂടിയ പഠനപ്രവർത്തനങ്ങൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പരിശ്രമവുമാണ് ഈ വിജയത്തിന് പിന്നിലെന്ന് ഹെഡ്മാസ്റ്റർ പിടി ഇസ്മായിൽ അറിയിച്ചു . ടിവി ഇബ്രാഹിം എം എൽ എ ,ഇ എം ഇ എ ജനറൽ സെക്രട്ടറി പികെ ബഷീർ, മാനേജർ സിപി മുഹമ്മദ് കുട്ടി പിടിഎ പ്രസിഡന്റ് ബഷീർ മേചീരി എന്നിവർ വിജയികളെ അഭിനന്ദിച്ചു.

## ചന്ദ്രിക

**എസ്.എസ്.എൽ.സി ഫലം:**

## ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂളിന് ജില്ലയിൽ മികച്ച വിജയം

കൊണ്ടോട്ടി: ഈ വർഷം കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി പരീക്ഷക്കിരുന്ന 499 കുട്ടികളും വിജയിച്ച് മലപ്പുറം ജില്ലയിൽ നൂറു ശതമാനത്തോടെ വിജയിച്ച സ്കൂൾ മികച്ച വിജയം നേടി.

43 വിദ്യാർഥികൾക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി. ചിട്ടയോടു കൂടിയ പഠനപ്രവർത്തനങ്ങൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും കൂട്ടായ പരിശ്രമവുമാണ് ഈ വിജയത്തിന് പിന്നിലെന്ന് ഹെഡ്മാസ്റ്റർ പി.ടി. ഇസ്മായിൽ അറിയിച്ചു.



എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ ഇ.എം.ഇ.എ ഹയർസെക്കണ്ടറി സ്കൂൾ

### എ പ്ലസ് തിളക്കത്തിൽ കൊട്ടുക്കര പി.പി.എം ഹയർ സെക്കണ്ടറി സ്കൂൾ

[illegible]

### രണ്ടാം തവണയും നൂറുമേനി നേടി

[illegible]



നൂറു ശതമാനം വിജയം നേടിയ അരിമ്പ്ര ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ



നൂറു ശതമാനം വിജയം നേടിയ ജി.എച്ച്.എസ് ചാലിയപ്രം

### നൂറുമേനിയിൽ തിളങ്ങി പുല്ലാനൂർ ജി.വി.എച്ച്.എസ്.എസും അരിമ്പ്ര ജി.വി.എച്ച്.എസ്.എസും

[illegible]



നൂറുമേനി നേടിയ പി.കെ.എം.ഐ.സി പൂക്കോട്ടൂർ



എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ വാഴക്കാട് കാരുണ്യഭവൻ ബധിര സ്കൂൾ







# വൃദ്ധസദനം...

‘നവീനെനമുക്കിന്നൊരു ട്രിപ്പ് പോയാലോ?” അഖിൽ ചോദിച്ചു. അതിന് അവൻ സമ്മതിച്ചു. നവീനും അഖിലും സജിത്തും കൂട്ടുകാരാണ്.

അങ്ങനെകോളേജിനു ഒഴിവായതിനാൽ അവരന്ന ട്രിപ്പ് പോയി. അങ്ങനെമൂവരും കളിച്ചു രസിച്ചു നടന്നു. അങ്ങനെവൈകുന്നേരം അവർ തിരിച്ചു പോരുമ്പോൾ ഒരു വൃദ്ധസദനത്തിനു മുൻപിലൂടെയായിരുന്നു. അപ്പോൾ നവീൻ അവിടെ ഒരു വയസ്സായ സ്ത്ര കരഞ്ഞു കൊണ്ട് അവിടെയുള്ള മരത്തണലിൽ ഇരിക്കുന്നത് കണ്ടു. അവൻ വണ്ടി നിർത്താൻ പറഞ്ഞു. അഖിലായിരുന്നു കാർ ഓടിച്ചിരുന്നത്. അവൻ നിർത്താൻ പറഞ്ഞപ്പോൾ അവൻ കാർ നിർത്തി. എന്താ കാര്യമെന്ന് ചോദിച്ചു. അവൻ ആ സ്ത്രീയെ കാണിച്ചു കൊടുത്തു. അപ്പോൾ അഖിൽ പറഞ്ഞു. ‘നീ അതിന് വേണ്ടിയാണോ വണ്ടി നിർച്ചിപ്പിച്ചത്” അതൊക്കെ ഇവിടെ സ്ഥിരമാണ്. ഇതൊരു വൃദ്ധസദനമാണ്. നീ വാ പോകാം.‘ അതും പറഞ്ഞ് അഖിൽ വണ്ടി ഓടിക്കാൻ തുടങ്ങി. നിവിൻ ആ സ്ത്രീയെ കണ്ണിൽ നിന്നും മായുന്നത് വരെ നോക്കി നിന്നു. അവൻ യാത്ര കഴിഞ്ഞു ക്ഷീണിച്ചു കിടന്നു. പക്ഷെ എത്ര തിരിഞ്ഞു മറിഞ്ഞും കിടന്നിട്ടും അവന് ഉറക്കം വന്നില്ല. അവന്റെ മനസ്സിലേക്കും ആ വൃദ്ധസ്ത്രീ കടന്നുവന്നു. അവനുറങ്ങാൻ കഴിഞ്ഞില്ല. എങ്ങനെക്കൊയോ അവൻ നേരം വെളുപ്പിച്ചു. രാവിലെ അവൻ കുളിച്ചു മാറ്റി ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു കോളിജിലേക്ക് പോയി. അതുപോലെ രണ്ട് മൂന്ന്ദിവസം അവൻ ഉറക്ക് വന്നില്ല. അങ്ങനെഅവൻ വളരെ ക്ഷീണിതനായി. ക്ലാസിൽ അവൻ വളരെ ക്ഷീണിതനായി കാണപ്പെട്ടപ്പോൾ അവന്റെ പ്രിയകൂട്ടുകാരിയായ എൽസി കാര്യം തിരക്കി. അവൻ സംഭവിച്ച കാര്യങ്ങൾ പറഞ്ഞു കൊടുത്തു. അത് കേട്ട എൽസി അവനെസമാധാനിപ്പിച്ചു. ഒരു ഒഴിവു ദിവസം അവിടെ പോകാമെന്നും അവൻ ഏറ്റു. അവനപ്പോൾ മനസ്സിന് കുറച്ച് ഭാരം കുറഞ്ഞ പോലെ തോന്നി. അവനാ വിവരം കൂട്ടുകാരോടും പറഞ്ഞു. അവരും വരാമെന്ന് പറഞ്ഞു.

അങ്ങനെകോളേജിന് ഒഴിവുള്ള ഒരു ദിവസം അവർ നാലപോരും പോകാൻ തീരുമാനിച്ചു. അങ്ങനെഅവർ വിചാരിച്ച ദിവസം വന്നെത്തി. അങ്ങിനെനിവീനും എൽസിയും അഖിലും സജിത്തും പോകാൻ തയ്യാറായി നിന്നു. അപ്പോഴാണ് അഖിലിന് ഒരു ഫോൺ കോൾ വന്നത്. അവന് അത്യാവശ്യമായി ഒരു സ്ഥലം വരെ പോകാനുണ്ട്. അതിനാൽ സജിത്തിനേയും കൂട്ടി അവൻ പോയി. അപ്പോൾ എൽസിയും നിവീനും മാത്രമായി. ഇന് വൈകണ്ടാ എന്നു കരുതി ഇരുവരും പുറപ്പെട്ടു. അങ്ങനെഅവിടെ എത്തി ആ സ്ത്രീയെ അന്വേഷിച്ചു. അവന് അവരെ കുറിച്ച് ഒന്നും അറിയാത്തതിനാൽ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അവൻ അവിടെ എല്ലാം ചുറ്റിക്കറങ്ങി. അന്ന് കണ്ട മരത്തിന്റെ അടിയിലും അവൻ നോക്കി. പക്ഷെ നിരാശയായിരുന്നു ഫലം.

അങ്ങിനെമടങ്ങിപ്പോരാൻ നിൽക്കുമ്പോൾ എൽസി ഒരു വൃദ്ധയായ സ്ത്രീയെ ചൂണ്ടി ചോദിച്ചു. ‘അതാണോ നീ ഉദ്ദേശിച്ച് സ്ത്രീ. അവൻ തിരിഞ്ഞു നോക്കി. എന്നിട്ടവൻ പറഞ്ഞു. അതു തന്നെയാണ്. അന്ന് ഞാൻ കണ്ട ആ അമ്മ. അങ്ങിനെഅവന് സന്തോഷത്താൽ മതിമറന്നു. അവൻ അവരുടെ അടുത്തേക്ക് ചെന്നു ചോദിച്ചു. അന്ന് ആ മരച്ചുവട്ടിലിരുന്ന് കരഞ്ഞിരുന്നത് നിങ്ങളല്ലായിരുന്നോ? ഇത് ചോദിച്ചതിൽ വൃദ്ധ അൽപമൊന്നു ഭയന്നു. തന്നെ ഇവിടെ നിന്നും മറ്റൊരു വൃദ്ധസഥനത്തിലേക്ക് കൊണ്ടുപോകാൻ വേണ്ടിയാണോ എന്ന്. കാരണം അങ്ങനെപലരേയും അവിടെ നിന്നും സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്. എന്നാട്ടാ സ്ത്രീ പേടിച്ചുകൊണ്ട് ചോദിച്ചു. അതെ എന്താണ് കാര്യം? അപ്പോൾ

എൽസി ആ അമ്മയോട് നടന്നതെല്ലാം വിവരിച്ചു. അത് കേട്ടപ്പോൾ ആ വൃദ്ധ ഒന്നു പുഞ്ചിരിച്ചു. അത് കാണാൻ അതിമനോഹരമായിരുന്നു. അങ്ങനെഅവർ അവിടെ ഇരുന്നു. ആ മരത്തണലിലിരുന്ന് അവർ സംസാരിക്കാൻ തുടങ്ങി. അപ്പോൾ എൽസി അമ്മയോട് ചോദിച്ചു. അമ്മേ നിങ്ങൾ എങ്ങനെയാണ് ഇവിടെ എത്തിയത്. അതേ കേട്ടതും പുർണ ചെന്ദ്രനെപോലെ പ്രകാശിച്ചിരുന്ന ആ മുഖം പെട്ടെന്ന് വാടിപ്പോയി. ആ കണ്ണുകൾ അറിയാതെ നനഞ്ഞു. എൽസി തുടർന്നു. അമ്മ കരയേണ്ട. ഞങ്ങൾ അതൊക്കെ അറിയാൻ തന്നെയാണ് വന്നത്. അപ്പോൾ ആ സ്ത്രീ പറയാൻ തുടങ്ങി. താൻ ഇവിടെ എത്തിയതിനു പിന്നിലുള്ള വലിയ കഥ:.

എനിക്കൊരു നിധിയുണ്ടായിരുന്നു. അതാണ് എന്റെ ഏക മകൻ കുട്ടൻ. അവന് ആറ് വയസ്സുള്ളപ്പോൾ തന്നെ അവന്റെ അച്ഛൻ ഈ ലോകത്തോട് വിടപറഞ്ഞു. അവനെഞാൻ ഒരു പോറലും എൽപ്പിക്കാതെ വളർത്തി വലുതാക്കി. അവനെന്റെ എല്ലാമായിരുന്നു. അങ്ങനെഅവനൊരു ജോലി ലഭിച്ചു. അതനാൽ തന്നെ താമസം പട്ടണത്തിലേക്ക് മാറ്റേണ്ടി വന്നു. എനിക്കതിൽ താൽപര്യമില്ലായിരുന്നു. പക്ഷേ അവന്റെ നിർബന്ധത്തിൽ ഞാൻ പട്ടണത്തിലേക്ക് വന്നു. അവിടെ ഭയങ്കര ശബ്ദവും പൊടിപടലങ്ങളുമായിതനാൽ അത് നല്ല ശല്യമായിരുന്നു. അതെല്ലാം മകനുവേണ്ടി ഞാൻ സഹിച്ചു. അങ്ങനെ അവനൊരു വിവാഹം കഴിച്ചു. അവൾക്കും ജോലിയുണ്ടായതിനാൽ ഒന്നിനും നേരം ലഭിക്കാറില്ല. ഒഴിവുള്ള ദിവസങ്ങളിൽ അവർ ടൂറ് പോവുകയും ചെയ്യും. അങ്ങനെ അവര് അവരുടെ ശ്രദ്ധയിൽ കൂടും. ഞാൻ അത ശല്യപ്പെടുത്താനും പോകാറില്ല. അങ്ങനെ ഒരു യന്ത്രത്തെപ്പോലെ ഞാനവിടെ കഴിഞ്ഞു. മകന്റെ സ്നേഹത്തോടെയുള്ള വിളി കേട്ടിട്ട് തന്നെ വർഷങ്ങളോളം കഴിഞ്ഞു. അങ്ങനെ ഒരു ദിവസം ആ വിളി ഞാൻ കേട്ടു. എന്തോ കാര്യം പറയാനാണെന്നും മസ്സിലായി. കാര്യം തിരക്കിയപ്പോൾ ഒരു ദുരയാത്രയുണ്ട് അമ്മക്ക്. സമ്മതമാണോ? കുറച്ച് ദിവസമെടുക്കും എന്ന് പറഞ്ഞു. ആദ്യം ഇല്ലെന്നു പറഞ്ഞു. പിന്നെ മകന്റെ നിർബന്ധത്തിന് വഴങ്ങേണ്ടി വന്നു. അങ്ങനെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്തി. എന്റെ കുറേ വസ്ത്രങ്ങൾ എടുത്തു വലിയ ഒരു ബാഗിലാക്കി വെച്ചു. അപ്പോൾ ഞാൻ കരുതി വലിയ ഒരു യാത്രയാകുമെന്ന്. അങ്ങനെ ഒരുങ്ങി യാത്ര പോകാൻ നിന്നപ്പോൾ ഞാൻ അനോട് അമ്പലത്തിൽ പോയി തൊഴ്തു വരാമെന്നു പറഞ്ഞു. അങ്ങനെ അവർ എന്നെ പുറത്ത് കാത്തിരുന്നു.

അങ്ങനെ ഞാൻ അമ്പലത്തിൽ നിന്നും പുറത്തു വന്നു. പിന്നെ യാത്ര തുടർന്നു. അങ്ങനെ ഞാനിത് വരെ കാണാത്ത വഴികളിലൂടെ അവർ എന്നെയും കൊണ്ട് പോയി ഇതിന്റെ പിന്നിലുള്ള ചതി ഞാനറിഞ്ഞതേയില്ല.

അങ്ങനെ വൈകുന്നേരമായി. അവർ ഒരു വലിയ കെട്ടിടത്തിന്റെ മുന്നിൽ വണഅടി നിർത്തി. കാര്യം തിരക്കിയപ്പോൾ അവർ ഇന്ന് ഇവിടെ താങ്ങാം നാളെയാകാം ബാക്കി യാത്ര എന്നു പറഞ്ഞു. പക്ഷെ അവർ എന്റെ ബാഗ് കാറിൽ നിന്നും റൂമിലേക്ക് കൊണ്ടുവന്നു. ഞാൻ ചോദിച്ചു. "അതെന്തിനാണ് ഇങ്ങോട്ട് കൊണ്ടു വന്നത്.? അതവിടെ വച്ചാൽ നഷ്ടപ്പെടുമെന്ന് ഭയന്നാണ് ഞാനിവിടെ കൊണ്ടു വന്നത്. അവൻ പറഞ്ഞു.

നമുക്ക് കാണിച്ചു തന്നെ മുറിയിൽ ഒരു കിടക്കമാത്രമായിരുന്നു. ക്ഷീണം കാരണം ഞാനതിൽ കിടന്നു. അപ്പോൾ അവർ പറഞ്ഞു. ഇവിടെ അമ്മ കിടന്നോളൂ. നമ്മൾ അപ്പുറത്തെ മുറിയിൽ കിടന്നോളാം. അങ്ങിനെ അവർ പോയി. ഞാൻ ക്ഷീണം കാരണം ഉറങ്ങിയും പോയി.

രാവിലെ എണീറ്റപ്പോൾ അവരെ ഞാൻ തിരക്കി. എവിടെയും കണ്ടില്ല. ഞാൻ അവിടെ ഉള്ളവരോടെല്ലാം അന്വേഷിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു. ഓ... മക്കൾ ഉപേക്ഷിച്ചുപോയല്ലേ... ഞാനും ഇതുപോലെ ഇവിടെ എത്തിയതാ. ഇനി അവരെ കാത്തിരിക്കേണ്ടതില്ല. ഇതു കേട്ടപ്പുഴാണ് ഞാൻ അവിടെ ഉണ്ടായിരുന്ന ആളുകളെ ശ്രദ്ധിച്ചത്. അപ്പോൾ ഞാനാ ബോർഡും കണ്ടു. 'വൃദ്ധസദനം'

അങ്ങനെ ഞാനിവിടെ എത്തി. നിങ്ങൾ എന്നെ കണ്ട അന്നായിരുന്നു എനിക്ക് ആ വലിയ നിധിയെ ദൈവം തന്നത്. പക്ഷെ ഓർക്കാൻ കഴിയാതെ കരഞ്ഞതാണ് ഞാനന്ന്. അങ്ങനെ മൂവരും സംസാരിച്ചിരുന്നു. വൈകുന്നേരം യാത്ര പറഞ്ഞ കാറിൽ കയറിയപ്പോൾ എൽസി പറഞ്ഞു. ഇത്രയും നല്ലൊരു അമ്മയെ അവർക്കെങ്ങനെ ഉപേക്ഷിക്കാൻ തോന്നി അല്ലെ നവീനെ. അവനതു സമ്മതിച്ചു. അപ്പോൾ എൽസി ചോദിച്ചു. ഞാനൊരു കാര്യം ചോദിക്കട്ടെ?

എന്താ? ചീത്ത പറയരുത്. എനിക്ക് തോന്നിയതാണെന്ന് മാത്രം. ഞാൻ നിന്നെ ചീത്ത പറയാറുണ്ടോ? ഇല്ല. എന്നാലും... ആ പറയാം..., ഉം... നിനക്ക് വീട്ടിൽ ഇപ്പോൾ ആരുമില്ലല്ലോ? അച്ഛനും അമ്മയും ഗൾഫിൽ. അപ്പോൾ നിനക്കൊരു കാര്യം ചെയ്തൂടെ.. ആ അമ്മയെ നിനക്ക് ഇവിടേക്ക് കൊണ്ടുവന്നുകൂടെ. അത് നല്ലൊരു ആശയമാണെന്ന് അവന് തോന്നി. അവനത് സമ്മതിച്ചു. അങ്ങനെ അതവൻ അഖിലിനോടും സജിത്തിനോടും പറഞ്ഞു. അവരത് സമ്മതിച്ചു. അവൻ ഏതായാലും അവന്റേ വീട്ടിലേക്കല്ലേ എന്ന നിലക്ക്. അങ്ങനെ കോളജ് ഒഴിവുള്ള ദിവസം അവൻ എൽസിയേയും കൂട്ടി കടയിൽ പോയി. അമ്മക്ക് വേണ്ട സാധനങ്ങളെല്ലാം വാങ്ങി. ഒരു മുറി വൃത്തിയാക്കി അവിടെ സാധനങ്ങളെല്ലാം വെച്ചു. സഹായത്തിന് അഖിലും സജിത്തും വന്നു. അങ്ങനെ അടുത്ത ഒഴിവനു വേണ്ടി നാലു പേരും കാത്തിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി. എല്ലാവരും ഒരുങ്ങി നിന്നു. പോകാൻ നേരം നവീൻ അഖലിനോട് ചോദിച്ചു. ഇന്നാരെങ്കിലും വിളിക്കുമോ? അത് കേട്ട് എല്ലാവരും ചിരിച്ചു. അങ്ങനെ അവർ കാറിൽ കയറിപ്പുറപ്പെട്ടു.

അവരവിടെ എത്തി. അവർ ആ അമ്മയെ അന്വേഷിച്ചു നടന്നു. അവരെ കണ്ട ആ സ്ത്രീ സന്തോഷത്താൽ മതി മറന്നു. അവരെ കണ്ട പാടെ ആ സ്ത്രീ പറഞ്ഞു. എന്റെ മക്കൾ എത്തിയോ? അപ്പോൾ നവീനും എൽസിയും പറഞ്ഞു. ഞങ്ങൾ നിങ്ങളെ കൊണ്ടു പോകാൻ വന്നതാണ്. ഞങ്ങളുടെ കൂടെ വരാന് സമ്മതമാണോ? അപ്പോൾ ആ അമ്മയുടെ കണ്ണ് നിറഞ്ഞൊഴുകി. എന്നിട്ട് പറഞ്ഞു. എനിക്ക് വേണ്ടി ദൈവം പറഞ്ഞയച്ച ദുതൻമാരാണിവർ. എന്നിട്ട് സന്തോഷത്തോടെ സമ്മതിച്ചു. അങ്ങനെ അവിടെ ഉള്ളവരോട് സമ്മതം ചോദിച്ചു. അവർ അഞ്ചുപേരും വീട്ടിലെത്തി.

ആ വലിയ കൊട്ടാരം പോലുള്ള വീട് കണ്ട് ആ അമ്മ അന്താളിച്ചു. അങ്ങനെ വലത് കാൽ വെച്ച് ആ അമ്മ ആ വീട്ടിൽ കയറി. തന്റെ റൂം കണ്ടപ്പോൾ ആ അമ്മയ്ക്ക് സങ്കടമാണ് വന്നത്. തനിക്ക്

വേണ്ടി ഇവർ ഇത്രയ്ക്ക് കഷ്ട്ടപ്പെടുന്നു. താൻ ഇത്രയും കാലം ദുരിതം അനുഭവിച്ചതിനുള്ള ഫലമായാണ് ദൈവം എനിക്കിപ്പോൾ തന്നത്. ഈ കൂട്ടത്തിൽ തന്റെ മകനുമുണ്ടായിരുന്നെങ്കിൽ എന്ന് ആ സ്ത്രീ ഓർത്തുപോയി. അങ്ങനെ നവീൻ ഹോട്ടൽ ഭക്ഷണം നിർത്തി. അവൻ ആദ്യമായി ആ കരത്താൽ ഉണ്ടാക്കിയ ഭക്ഷണം അവൻ കഴിച്ചു. അതിന്റെ സ്വാദ് അവനറിഞ്ഞു. അവൻ അമ്മയെ ആവോളം പ്രോൽസാഹിച്ചു. അപ്പോഴാണ് അങ്ങോട്ട് എൽസി കടന്നുവന്നത്. അമ്മ അവൾക്കും ആ ഭക്ഷണം കൊടുത്തു. അപ്പോൾ അവൻ ചോദിച്ചു. ഇത് ഏത് ഹോട്ടലിൽ നിന്നും വാങ്ങിയതാണ്. ഇത്രയും രുചിയുള്ള ഭക്ഷണം ഞാൻ ജീവിതത്തിൽ കഴിച്ചിട്ടില്ല.

എടീ ഇതൊരു ഹോട്ടലിൽ നിന്നും വാങ്ങിയതല്ല. അമ്മ ഉണ്ടാക്കിയതാ. നവീൻ മറുപടി നൽകി. ഇത് കോട്ട എൽസി സ്തംഭിച്ചു നിന്നു. അമ്മ ഇങ്ങനെ ഒക്കെ ഉണ്ടാക്കുമോ? എൽസി ചോദിച്ചു. മോൾക്ക് ഇഷ്ട്ടാണെങ്കിൽ ഇന്ന് ഉച്ചയൂണ് ഇവിടെ നിന്നാക്കാം. അമ്മ പറഞ്ഞു. ഔ അതിനെന്താ എനിക്ക് പൂർണ്ണ സമ്മതം.

എന്നാപ്പിന്നെ അഖലിനേയും സജിത്തിനേയും കൂടെ വിളിക്കാം. നവീൻ അഭിപ്രായപ്പെട്ടു. അങ്ങനെ എല്ലാവരും ഉച്ചക്ക് ഒരുമിച്ചു കൂടി. അന്നൊരു ഒഴുവു ദിവസമായതിനാൽ എൽസിയും അമ്മയെ സഹായിച്ചു. അങ്ങനെ ഉച്ചക്ക് ഒരു സദ്യ റെഡിയായി. എല്ലാവരും ഒരുമിച്ചു കഴിച്ചു. അമ്മയെ എല്ലാവരും പ്രോൽസാഹിച്ചു. അങ്ങനെ അവർ അവിടെ കഴിഞ്ഞുകൂടി. അമ്മ വന്നതോടെ നവീൻ നല്ല ആരോഗ്യവാനായി എല്ലാവരും ഒരു ഒഴിവുദിവസം അമ്മയുടെ കൂടെ ചിലവഴിക്കുക പതിവായി.

അങ്ങനെ ഒരു ദിവസം നിവീന്റെ അച്ഛൻ സ്വപ്നം കണ്ടു. അവൻ അവന്റെ അമ്മയെ വൃദ്ധസദനത്തിൽ നിന്നും കാണും. താൻ ഒരു വൃദ്ധയാവുമ്പോൾ തന്റെ മകൻ തന്നെ ഒരു വൃദ്ധസദനത്തിൽ ആക്കുന്നതായി സ്വപ്നം കാണും. അതിൽ അവിടെ വെച്ച് തന്റെ അമ്മ രോഗശയ്യയിൽ കിടക്കുന്നത് കാണും. അവസാനമായി മോനെ എന്ന് വിളിച്ചു കൊണ്ടോ അമ്മ ലോകത്തോട് വിടപറയുന്നത്. അതിലവന്റെ അച്ഛൻ നെട്ടി ഉണർന്നു. എന്നിട്ട് തന്റെ ഭാര്യ അത് പറഞ്ഞു. അപ്പോൾ അവൾക്കും ഒരലിവ്തോന്നി. അങ്ങനെ ഉടനെ നാട്ടിൽ പോയി അമ്മയെ കൂട്ടിക്കൊണ്ടുവന്ന് മകന്റെ കൂടെ കഴിയാൻ തീരുമാനിച്ചു. അങ്ങനെ വിസ റെഡിയാക്കി. പോരാൻ നിന്നപ്പോൾ മകന് വിളിച്ചു പറഞ്ഞു. അങ്ങനെ അവർ നാട്ടിലേക്കുള്ള യാത്ര ആരംഭിച്ചു. അവർഉച്ചയോടെ എത്തി. ആദ്യം തന്നെ അവർ ഇരുവരും വൃദ്ധസദനത്തിലെത്തി. അവിടെ ചെന്ന് അമ്മയെ അന്വേഷിച്ചു. അപ്പോൾ അവിടെ ഇല്ലെന്നാണ് മറുപടി ലഭിച്ചത്. ഇത് കേട്ടപ്പോൾ സങ്കടമായി. അങ്ങനെ സങ്കടത്തോടെ അവർ ഇരുവരും വീടിന്റെ പടിയിറങ്ങി. അപ്പോൾ അവൻ അകത്തേക്ക് വിളിച്ചു പറഞ്ഞു. അവരെത്തി അങ്ങനെ അച്ഛന്റെ മുഖത്തുള്ള സങ്കടത്തിന്റെ കാരണം അന്വേഷിച്ചു. അപ്പോഴാണ് അമ്മ അകത്ത് നിന്നും ചായയുമായി വന്നത്. സ്വന്തം മകനെ കണ്ടപ്പോൾ അമ്മയുടെ കൈയിലുണ്ടായിരുന്ന ചായയുടെ ഗ്ലാസ് നിലത്തു വീണുടഞ്ഞു. അപ്പോൾ അവന്റെ അച്ഛൻ ഉറക്കെ അമ്മാ എന്ന് വിളിച്ചു കൊണ്ടോടി വന്നു അമ്മയെ കെട്ടിപ്പിടിച്ചു. അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ അമ്മ മകനെ വിളിച്ചു. ഇത് കണ്ട് നവീൻ ശോക്കേറ്റപോലെ നിന്നുപോയി. അച്ഛൻ ആ സ്വപ്നത്തെ കുറിച്ചും വൃദ്ധസദനത്തിൽ പോയതും എല്ലാം പറഞ്ഞു. നവീൻ ഇവിടെ സംഭവിച്ചതും പറഞ്ഞു. അങ്ങനെ ആ കുടുംബം സന്തോഷത്തോടെ ജീവിച്ചു.



**Fathima Shifana. K.**
**VIII-D**



# Listen to the art

Your art is not how many people
like your work
your art is about, if your heart
likes your work
its about how honesty
you with your self, and must never
trade honesty
for refatability, and its time for
the peoples feel

The most grand moments
of the like
the valuable time, the presence of mind
encourage the peoples mind

Attach with the art of your
the inspiration to the people
and avoid large things
be small
doesn't care the persons mind
its all about them

Your art is not how many people
like your work
your art is about, if you heart
likes your work

Amen Zayan .C.
IX-D

# കണ്ണീർ മഴ

മാനമിരുളുന്നു മേഘംമുരുളുന്നു
എന്തിനാണിന്നു നീ കോപിഷ്ഠയാകുന്നു.
എന്തേ ഞാൻ നിനക്കു ചെയ്ത കുറ്റം
ഭൂമിക്കു തണലായിനിൽക്കേണ്ട നീയെന്തേ
ഇന്ന് ഭൂമിക്ക് മായായി നിൽക്കുന്നു.
ചിലപ്പോൾ പ്രളയമായും മറ്റു ചിലപ്പോൾ വരൾച്ചയായും
അപ്രതീക്ഷിതമായ് നീ വന്നെത്തി
അന്നു നീ വന്നപ്പോൾ ഞാനേറെ ഉത്സാഹിച്ചു
നിന്നിൽ കളിക്കാൻ ഞാനേറെ കൊതിച്ചു.
ഓരോ പുൽനാമ്പുകൾക്കും പുതുപ്രതീക്ഷയേകി
ഭൂമിക്ക് തളിർതെന്നലായി
മാനവർക്കും പുതുപ്രതീക്ഷയേകി
നിന്റെ വരവിനായ് ഞങ്ങളോരോരുത്തരും
മിഴിയുണർന്നു കാത്തിരുന്നു
ഇന്നു നീ വന്നപ്പോൾ ഞങ്ങളേറെ പരിഭ്രാന്തരായ്
നിന്നിൽ നിന്നൊളിക്കാൻ ഏറെ പണിപ്പെട്ടു.
ഓരോ പുൽനാമ്പുകൾക്കും പേടിസ്വപ്നമായ്
ഭൂമിക്കു നേൽ ഒരു ഭൂതമായ്
നിന്റെ ശാന്തതക്കായ് ഞങ്ങളോരോരുത്തരും
മിഴിയുണർന്നു കാത്തിരുന്നു.
നിറഭിപമാം കേരളത്തെ കണ്ണീരിലാഴ്ത്തി
പ്രളയമെന്ന വാക്കിൽ നീ പ്രസിദ്ധമായ്
ഓരോ ജീവനും
നിന്നെ ശപിച്ചു.
എന്തിനാണിന്നു നീ കോപിഷ്ടയാകുന്നു.

Fathima Shibla. P.
X B

# മഴനീർമുത്തുകൾ

ഹൃദയത്തിലൂറുനന രക്തത്തിൽ നിന്നു വർഷച്ചിരുന്നാമേഘം
വാനം തുടിക്കുന്നു, മേഘം കരയിണു,
കാണാൻ തുളുമ്പിണു മഴയെ
ഞാൻ ഇരിക്കും നേരം കാർമൂടിണു
മഴ നടക്കും നേരം മാരിവാരിപൊഴിയിണു
മഴനീർമുത്തുകൾ നിറമായിപെയ്യിണു
ഇളവെയിൽ കാറ്റുകൾ കുളിരായിവീശിണു
നേരം വെളിക്കിണു, കാണാൻ കൊതിക്കിണു
തീരം തുടിക്കിണു മഴയെ
കാറ്റിൽ ചാടി പാറി നടക്കും തുമ്പികൾ
വാനിൽ മെല്ലെ തൊട്ടു മുട്ടി കൊഞ്ചി കളിക്കിണു
മനം നിറഞ്ഞേ, .... തിങ്കൾമാരിയിൽ
കതിർവിളഞ്ഞേ, ..... പൂമാരിയിൽ
മെല്ലെ പച്ചെയ നീ ചൊരിഞ്ഞേ,...
മഴനീർമുത്തുകൾ പനനീർമുത്തുകൾ
നിറമായിപെയ്തിടും മിഴിനീർമുത്തുകൾ
തളിർകാറ്റിൽ ഇലയായി പൊഴിഞ്ഞു വന്നതല്ലേ നീ
കാറ്റേ, .... ചില്ല ഇതിലെ വീശണേ....
കാറേ, .... ഇല ഇതിലെ ചെയ്യണേ....
മെല്ലെ പയ്യെ നീ പൊഴിയണേ,....



**Maryam AShraf. K.**
**X-A**


thank You!